പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 767 — 23.07. 2012 ൽ മറുപടിയ്ക്ക്

## അട്ടപ്പാടി പാക്കേജ് സംബന്ധിച്ച ഉന്നതതല യോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ബാലൻ:<br>ശ്രീ. കെ.വി. വിജയദാസ്:<br>ശ്രീ. സി. കൃഷ്ണൻ:<br>ശ്രീമതി. കെ.കെ. ലതിക: | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി ) |
| എ) അട്ടപ്പാടി പാക്കേജിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഉന്നതതല യോഗം വിളിച്ചു ചേർക്കുകയുണ്ടായോ: | എ) അഹാഡ്സിന്റെ തുടർ പ്രവർത്തനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യാനായി 12.01.12-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.ഗ്രാമവികസന വകുപ്പ് മന്ത്രി , ബഹു.കൃഷി വകുപ്പ് മന്ത്രി, ബഹു.പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രി, ബഹു.മണ്ണാർക്കാട് എം.എൽ.എ, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനവകുപ്പ്, കൃഷി വകുപ്പ് സെക്രട്ടറി, ഡയറക്ടർ, ഹോർട്ടികൾച്ചർ മിഷൻ, പ്രൊജക്ട് ഡയറക്ടർ അഹാഡ്സ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരുകയുണ്ടായി. |
| ബി) പ്രസ്തുത യോഗത്തിൽ എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി: യോഗതീരുമാനങ്ങൾ വിശദമാക്കാമോ; | ബി) അഹാഡ്സ് മുഖേന എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയും എന്നതിനെക്കുറിച്ചും അഹാഡ്സിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും യോഗം ചർച്ച ചെയ്തു. യോഗതീരുമാനങ്ങൾ ഇവയാണ്.<br><br>1. പ്രാക്തന ഗോത്ര വർഗ്ഗ വികസന പദ്ധതിയുടെ പാലക്കാട് ജില്ലയിലെ നിർവഹണ ഏജൻസിയായി അഹാഡ്സിനെ തീരുമാനിച്ചു. ആയതിന്റെ നിർദ്ദേശം മന്ത്രിസഭായോഗത്തിന് സമർപ്പിക്കുന്നതിന് ബഹു. പട്ടിക വർഗ്ഗ |

യുവജനക്ഷേമ വകുപ്പ് മന്ത്രിയോട് നിർദ്ദേശിച്ചു.

2. 159.34 കോടി രൂപയുടെ അട്ടപ്പാടി കാർഷിക വികസന പദ്ധതി അഹാഡ്സ് മുഖേന നടപ്പിലാക്കുന്നതിന് യോഗം തീരുമാനിച്ചു.

3. വയനാട്ടിലെ 1042.5 കോടി രൂപയുടെ ആദിവാസി വികസന പദ്ധതി അഹാഡ്സ് മുഖേന നടപ്പിലാക്കുവാനും പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അടുത്ത സാമ്പത്തിക വർഷം അനുവദിക്കുന്നതിനും തീരുമാനിച്ചു.

4. അഹാഡ്സിനെ നീർത്തടാധിഷ്ഠിത വിഭവ പരിപാലന പരിശീലന കേന്ദ്രമാക്കി (AHADS -CCPRM) മാറ്റുന്നതിന് തീരുമാനിച്ചു.

5. 01.01.2012 മുതൽ 31.03.2012 വരെ അഹാഡ്സിലെ ജീവനക്കാരെ അഹാഡ്സിൽ ഇപ്പോൾ ലഭ്യമായ ഫണ്ടിന് ആനുപാതികമായ ശമ്പളത്തോടെ നിലനിർത്തുവാനും തുടർന്ന് മേൽ പറഞ്ഞ പദ്ധതികളിലായി പുനർവിന്യാസം ചെയ്യുന്നതിനും തീരുമാനിച്ചു.

| | | | |
|---|---|---|---|
| സി) | മുൻ സർക്കാർ നിയോഗിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് യോഗം പരിഗണിക്കുകയുണ്ടായോ; | സി) | ഇല്ല. |
| ഡി) | എങ്കിൽ ആയത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിക്കുകയുണ്ടായി; | ഡി) | ബാധകമല്ല. |

| | | | |
|---|---|---|---|
| ഇ) | അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി സംബന്ധമായി നിലവിൽ കോടതികളിൽ പരിഗണനയിലിരിക്കുന്ന കേസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | ഇ) | അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 136/11 ആയി രജിസ്റ്റർ ചെയ്ത ഒരു കേസ് കോടതിയുടെ പരിഗണനയിലാണ്. അന്യായക്കാരന്റെ ഊരിൽപ്പെട്ട സ്ഥലം കൈയേറിയത് സംബന്ധിച്ച കേസാണ് നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ